©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 7 Vol. VII	തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday	2018 ജൂലൈ 24 24th July 2018 1193 കർക്കടകം 8 8th Karkadakam 1193 1940 ശ്രാവണം 2 2nd Sravana 1940	നമ്പർ No. 30

PART III

Fisheries Department

പരസ്യം

നമ്പർ ഐ/982/2018. 2018 ജൂൺ 22.

2007-ാമാണ്ട് ഫെബ്രുവരി മാസം 19-ാം തീയതി ആലപ്പാട് വില്ലേജിൽ അഴീക്കൽ തുരുത്ത് മുറിയിൽ നായരു തുരുത്തേൽ വീട്ടിൽ അരുളപ്പൻ ഗ്രീക്ക് മകൻ ശ്രീ. മൈക്കിൾ ഗ്രീക്ക് പേർക്ക് ഓച്ചിറ സബ് രജിസ്ട്രാർ ഓഫീസിലെ 515/07 (1)-ാം നമ്പർ വിലയാധാരപ്രകാരം ആലപ്പാട് വില്ലേജിൽ മുൻസർവ്വെ P 326 A 337/4-ൽപ്പെട്ട റീസർവ്വേ ബ്ലോക്ക്-1-ൽ 65/1-ൽ 50 അടി കായലിലേക്ക് തള്ളി പടിഞ്ഞാറോട്ട് കൊമ്പ് ചായ്ച് നിൽക്കുന്നതും ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തുമായ KC 4/74-75-ാം നമ്പർ ചീനവല ശ്രീ. ബാലന്റെൻ ഗ്രീക്ക് S/o അരുളപ്പൻ ഗ്രീക്ക്, നായരു തുരുത്തേൽ വീട്, അഴീക്കൽ, ആലപ്പാട് വിലയാധാരം ചെയ്തു നൽകിയിട്ടുള്ളതാണ്. ശ്രീ. മൈക്കിൾ ഗ്രീക്ക് തന്റെ കൈവശത്തിലും അനുഭവത്തിലും ഉള്ളതായ ടി ചീനവല തന്റെ പേരിൽ പോക്കുവരവ് ചെയ്തു കിട്ടുന്നതിനായി അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ടി ചീനവല അപേക്ഷകനായ ആലപ്പാട് വില്ലേജിൽ അഴീക്കൽ തുരുത്ത് മുറിയിൽ നായരു തുരുത്തേൽ വീട്ടിൽ അരുളപ്പൻ ഗ്രീക്ക് മകൻ ശ്രീ. മൈക്കിൾ ഗ്രീക്ക് പേർക്ക് പട്ടയം നൽകുന്നതിനെതിരെ ന്യായമായ പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ ഈ ആഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും ഇല്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് പുതിയ പട്ടയം നൽകുന്നതാണ്.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം,
കൊല്ലം.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.